"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - നിർത്തലാക്കിയ കോഴിക്കോട് വികസന അതോറിറ്റിയിലെ സാങ്കേതിക വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലയിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

G.O.(Ms) No.54/2020/LSGD                    തീയതി,തിരുവനന്തപുരം, 20/03/2020

---

പരാമർശം:- 1 സ. ഉ. (കൈ) നം. 54/2017/തസ്വഭവ തീയതി 10.03.2017.

2 സ. ഉ. (കൈ) നം. 73/2017/തസ്വഭവ തീയതി 30.03.2017.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.04.2017, 29.06.2018, 06.02.2019, 08.11.2019 എന്നീ തീയതികളിലെ ഇ1/5115/2017/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

4 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 27.03.2019-ലെ സി19/40943/17 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, വള്ളുവനാട് വികസന അതോറിറ്റികൾ നിർത്തലാക്കുകയും, തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസ്തുത അതോറിറ്റികളിലെ സാങ്കേതിക വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസിൽ ലയിപ്പിക്കുകയുമുണ്ടായി.

2. കോഴിക്കോട്, തൃശ്ശൂർ വികസന അതോറിറ്റികളിൽ മൊത്തം 11 സാങ്കേതിക വിഭാഗം തസ്തികകൾ ഉണ്ടായിരുന്നതിൽ, കോഴിക്കോട് വികസന അതോറിറ്റിയിൽ മാത്രം നിലവിലുണ്ടായിരുന്ന 6 ജീവനക്കാരായ എക്സി. എഞ്ചിനീയർ ശ്രീ. കെ. പി. രമേശ്, അസി.എക്സി.എഞ്ചിനീയർമാരായ ശ്രീ. കെ. മനോഹരൻ, ശ്രീ. പി. പി. സലീം, അസി.എഞ്ചിനീയർമാരായ ശ്രീമതി. എം. യു. സത്യഭാമ, ശ്രീ. റ്റി. പി. ഗോകുലദാസൻ, ശ്രീ. ജോൺ ഫ്രാൻസിസ് ജി. പുളിക്കൽ എന്നിവർ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് മുമ്പാകെ 01.04.2017-ന് റിപ്പോർട്ട് ചെയ്തു. ഇതിൽ, അസി.എക്സി. എഞ്ചിനീയർ ശ്രീ. പി. പി. സലീം 31.05.2018-നും, അസി.എഞ്ചിനീയർ ശ്രീ. ടി. പി. ഗോകുലദാസൻ 31.05.2019-നും സർവ്വീസിൽ നിന്നും വിരമിച്ചു. ടി വികസന അതോറിറ്റികളിലെ ആസ്തി-ബാധ്യതകൾ അതാത് തദ്ദേശസ്ഥാപന മേധാവികൾക്ക് കൈമാറിയതിനാൽ ടി ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കോർപ്പറേഷനിൽ നിന്നും നൽകി വരുന്നുണ്ട്. സർക്കാർ ജീവനക്കാർക്കുള്ള ശമ്പള പരിഷ്കരണ മാതൃകയിൽ തന്നെയാണ് കോഴിക്കോട് വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്.

3. പരാമർശം (2) ഉത്തരവിന് തുടർച്ചയായി പ്രസ്തുത ആറ് എഞ്ചിനീയറിംഗ് ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിൽ ലയിപ്പിക്കുന്നത് സംബന്ധിച്ചും വകുപ്പിലെ അവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വസ്തുതകൾ പരിശോധിച്ചതിലും ചീഫ് എഞ്ചിനിയറുടെ ശുപാർശയും അഭിപ്രായവും കണക്കിലെടുത്തും മുൻകാലത്ത് ചില സ്ഥാപനങ്ങളിൽ സമാനമായ രൂപത്തിൽ ജീവനക്കാരെ ആഗിരണം ചെയ്യുന്നതിന് സ്വീകരിക്കപ്പെട്ട മാനദണ്ഡം പരിഗണിച്ചും ഇക്കാര്യത്തിൽ 01-04-2017 തീയതി വച്ച് ജീവനക്കാരെ ആഗിരണം ചെയ്യാമെന്ന് കാണുകയുണ്ടായി. അങ്ങനെയെങ്കിൽ പൊതുമാനദണ്ഡപ്രകാരം പ്രസ്തുത ആറ് എഞ്ചിനീയറിംഗ് ജീവനക്കാർക്ക് നിലവിലുള്ള ജീവനക്കാരുടെ വിഭാഗത്തിൽ പ്രസ്തുത തീയതി വച്ച് ജൂനിയർ മോസ്റ്റായി കടന്നുവരാൻ അർഹതയുണ്ട്. ഇവർക്ക് എല്ലാവർക്കും എഞ്ചിനീയറിംഗ് വിഭാഗത്തിലെ സമാന തസ്തികയ്ക്ക് ആവശ്യമായ എല്ലാ യോഗ്യതയുമുണ്ട്. ഈ ജീവനക്കാരെല്ലാം നിലവിൽ സർവ്വീസിലുള്ളവരാകയാൽ പുതിയ തീരുമാനം വഴി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുന്നില്ല.

4. മേൽ സാഹചര്യത്തിൽ, നിർത്തലാക്കിയ കോഴിക്കോട് വികസന അതോറിറ്റിയിലെ ആറ് സാങ്കേതിക വിഭാഗം ജീവനക്കാരായ എക്സി.എഞ്ചിനിയർ ശ്രീ. കെ. പി. രമേശ്, അസിസ്റ്റന്റ് എക്സി.എഞ്ചിനിയർമാരായ ശ്രീ. കെ. മനോഹരൻ, ശ്രീ. പി. പി. സലിം, (റിട്ട) അസി.എഞ്ചിനിയർമാരായ ശ്രീമതി. എം. യു. സത്യഭാമ, ശ്രീ. റി. പി. ഗോകുലദാസൻ (റിട്ട), ശ്രീ. ജോൺ ഫ്രാൻസിസ് ജി. പുളിക്കൽ എന്നിവരെ തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് സർവ്വീസിലേക്ക് 01-04-2017 എന്ന തീയതി വച്ച് അതാത് തസ്തികകളിലേക്ക് ജൂനിയർ മോസ്റ്റ് എന്ന നിബന്ധന വച്ച് ആഗിരണം ചെയ്തു കൊണ്ട്

ഉത്തരവാകുന്നു. ഇത്തരത്തിൽ ആഗിരണം ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന മുഴുവൻ തസ്തികകളും (6 എണ്ണം:- എക്സി.എഞ്ചിനീയർ-1, അസി.എക്സി.എഞ്ചിനീയർ-2, അസി.എഞ്ചിനീയർ- 3) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തി വകുപ്പിലെ കേഡർ സ്ട്രെങ്ങ്ത് ഉയർത്തി നിശ്ചയിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്
1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പൊതുഭരണ(എസ്.സി) വകുപ്പ്*( ഇനം നമ്പർ 3881 തീയതി 11.03.2020)*
6. ധനകാര്യ വകുപ്പ് *( 16.08.2019-ലെ ഡെവ.1/108/2019/ധന പ്രകാരം)*
7. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് *( 09.05.2018-ലെ ഉപ.ബി2/3/2018/ഉഭപവ പ്രകാരം)*
8. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

*(മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിന്റെയും, 11.03.2020-ലെ മന്ത്രിസഭ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും (ഇനം 3881) പകർപ്പ് സഹിതം)*

9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.03.2? 11:51:05 IST
Reason: Approved
സെക്ഷൻ ഓഫീസർ